8. ജവഹർ വായനശാല (വെള്ളൂർ)
9. മാത്തിൻ പുതിയ റോഡ്
10. അന്നൂർ ടോഡി ഷോപ്പ്
11. കൊടക്കാട്
12. കടന്നപ്പള്ളി
13. വെള്ളോറ-കൊയിപ്പ.

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമിൽ എസ്റ്റിമേറ്റെടുത്ത് അനുമതി നൽകിയിട്ടുണ്ട്.

വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾ

32 [343] *ശ്രീ. എ. കെ. ബാലൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗങ്ങൾ നാളിതുവരെ വിവിധ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) റഗുലേറ്ററി കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങളും ശുപാർശകളുമാണ് ഇലക്ട്രിസിറ്റി ബോർഡിന് സമർപ്പിച്ചിട്ടുള്ളത്;

(സി) കമ്മീഷൻ നൽകിയ നിർദ്ദേശങ്ങളും ശുപാർശകളും ബോർഡ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ബോർഡിന്റെ നിലപാട് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) റഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങളും ശുപാർശകളും സംബന്ധിച്ച സർക്കാർ നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കമ്മീഷന്റെ അംഗീകാരത്തിനുവേണ്ടി ബോർഡ് സമർപ്പിച്ച 2003-04, 2004-05, 2005-06 എന്നീ വർഷങ്ങളിലെ മൊത്ത വരുമാന ആവശ്യകതയും നിരക്കുകളിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനവും സംബന്ധിച്ച അപേക്ഷകളിൻമേൽ തീർപ്പു കൽപ്പിച്ചുകൊണ്ട് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ബോർഡിന് നൽകിയിട്ടുള്ള ശുപാർശകളുടെയും നിർദ്ദേശങ്ങളുടെയും സംക്ഷിപ്തം അനുബന്ധമായി† ചേർത്തിരിക്കുന്നു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) 2003-04 വർഷത്തേക്ക് കമ്മീഷൻ തിട്ടപ്പെടുത്തിയ ബോർഡിന്റെ വരുമാന കമ്മി നികത്തുന്നതിന് ആവശ്യമായ റവന്യൂ സബ്സിഡി ബോർഡിന് നൽകണമെന്ന ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 556.46 കോടി രൂപയുടെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 2004-05 വർഷത്തേക്കും 2005-06 വർഷത്തേക്കും ഉള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

രാജീവ് ഗാന്ധി വൈദ്യുതീകരൺ യോജന

33 [344] *ശ്രീ. കളത്തിൽ അബ്ദുള്ള :*

„ *യു. സി. രാമൻ :*

„ *പി. കെ. അബ്ദുറബ്ബ് :*

„ *സി. മോയിൻകുട്ടി :*

„ *കെ. എൻ. എ. ഖാദർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി വൈദ്യുതീകരൺ യോജന ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY) കേരളത്തിൽ 14 ജില്ലകളിലും നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 2007 - ആണ്ടോടെ കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിലേയ്ക്കായി കേരളത്തിലെ 14 ജില്ലകളിലുള്ള 930 റവന്യൂ വില്ലേജുകളിലായി 3578 കരകൾ വൈദ്യുതീകരിക്കുന്നതിലേക്ക് താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

1. 9096 കി.മീ. 11 കെ. വി. ലൈൻ നിർമ്മിക്കൽ.
2. 3955 കി.മീ. എൽ.റ്റി. ലൈൻ നിർമ്മിക്കൽ.
3. 9298 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly